DCKLM/1168/2026-DM2

തീയതി - 20-02-2026

**ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 2026 ഫെബ്രുവരി 17 ആം തീയതി ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം 11.45 AM ന് ആരംഭിച്ചു

യോഗത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗസ്ഥർക്കും ജില്ലാ കളക്ടർ സ്വാഗതം ആശംസിച്ചു. ജില്ലയിൽ വർധിച്ചുവരുന്ന ഉഷ്ണസാഹചര്യത്തെപ്പറ്റി അധ്യക്ഷൻ ആമുഖമായി സംസാരിച്ചു. ജില്ലയിൽ ഫെബ്രുവരി മാസം ആദ്യം മുതൽ തന്നെ താപനിലയിൽ പ്രകടമായ വ്യത്യാസം ദൃശ്യമായിട്ടുണ്ട്. പാരിപ്പള്ളി, പുനലൂർ എന്നിവിടങ്ങളിലെ കാലാവസ്ഥാ മാപിനികളിൽ ചില ദിവസങ്ങളിൽ ഉയർന്ന താപനില 36 ഡിഗ്രിയിലധികം രേഖപ്പെടുത്തുകയുണ്ടായി. കൊട്ടാരക്കരയിൽ സ്ഥാപിച്ചിട്ടുള്ള അൾട്രാ വയലറ്റ് സെൻസറിൽ കഴിഞ്ഞ ഒരാഴ്ചയോളം രേഖപ്പെടുത്തപ്പെട്ട അൾട്രാ വയലറ്റ് സൂചിക 6-7 എന്ന നിലവാരത്തിലാണ്. അൾട്രാ വയലറ്റ് സൂചികയുടെ അടിസ്ഥാനത്തിൽ ജില്ലയ്ക്ക് മഞ്ഞ അലേർട്ട് നൽകിയിട്ടുണ്ട്.

ചൂട് ഉയരുന്നതിനൊപ്പം തന്നെ വനമേഖലകളിലും വലിയ തോട്ടങ്ങൾ, പുല്ലുനിറഞ്ഞ പറമ്പുകൾ എന്നിവിടങ്ങളിലും വ്യാപകമായി അഗ്നിബാധ ഉണ്ടാകുന്നത് ആശങ്കാജനകമാണെന്ന് അധ്യക്ഷൻ നിരീക്ഷിച്ചു. ഓയിൽ പാം എസ്റ്റേറ്റ്, മുട്ടറ മരുതിമല ടൂറിസം കേന്ദ്രം, പുനലൂർ എസ് എൻ കോളേജ്, തെന്മല ഒറ്റക്കൽ ലുക്ക് ഔട്ടിന് സമീപം തുടങ്ങി ഈ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ട തീപ്പിടുത്ത സംഭവങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി. മുൻവർഷങ്ങളെ അപേക്ഷിച്ച് തീപിടുത്ത സംഭവങ്ങൾ വർദ്ധിച്ചിട്ടും കാര്യക്ഷമവും മാതൃകാപരവുമായ പ്രവർത്തനമാണ് അഗ്നിരക്ഷാസേന നിർവഹിക്കുന്നതെന്ന് ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടു. ചൂട് വർധിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ തടയുന്നതിനും വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നത് തടയുന്നതിനും നിരവധി പദ്ധതികൾ വകുപ്പ് നടപ്പാക്കുന്നുണ്ടെന്ന് വനം വകുപ്പിന്റെ പ്രതിനിധി യോഗത്തെ അറിയിച്ചു.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുതുടങ്ങിയിട്ടുണ്ട്. ജലക്ഷാമം അനുഭവപ്പെടുന്ന എല്ലാ പ്രദേശങ്ങളിലും 2026 ഫെബ്രുവരി 9ആം തീയതിയിലെ സർക്കാർ ഉത്തരവിന് അനുസൃതമായി ജലവിതരണം ഉടൻ തന്നെ ആരംഭിക്കുവാൻ അധ്യക്ഷൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം കർശനമായി പരിശോധിക്കണം. കല്ലട ജലസേചന പദ്ധതിയുടെ ഇടതുകര കനാൽ വഴിയുള്ള ജലസേചനം നിലവിൽ തടസ്സപ്പെട്ടിട്ടാണ് ഉള്ളതെന്നും അറ്റകുറ്റപ്പണി പൂർത്തിയാക്കി ഉടൻ തന്നെ ജലവിതരണം ആരംഭിക്കുമെന്നും കെ ഐ പി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. അനധികൃതമായി കുഴൽ കിണറുകൾ കുഴിക്കുന്നതിനെതിരേ കർശന നടപടി സ്വീകരിക്കുവാൻ ഭൂജല വകുപ്പിന് കളക്ടർ നിർദേശം നൽകി.

ഒട്ടനവധി ആരാധനാലയങ്ങൾ സ്ഥിതിചെയ്യുന്ന ജില്ലയിൽ ഉഷ്ണകാലം ഉത്സവങ്ങളുടെ കാലം കൂടിയാണ്. ചൂട് കൂടുന്നതുമൂലം ആനയിടഞ്ഞുള്ള സംഭവങ്ങളും വെടിക്കെട്ടപകടങ്ങളും ഉൾപ്പടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള കർശന നടപടികൾ സംഘാടകരും വിവിധ വകുപ്പുകളും സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടു. എഴുന്നള്ളത്തിനായി കൊണ്ടുവരുന്ന ആനകളുടെ ഫിറ്റ്നസ് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ടെന്നും ഉയർന്ന ചൂടുള്ള പകൽ സമയത്ത് ഇവയെ കൊണ്ടുപോകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും വനം വകുപ്പ് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു.

ഉത്സവ പറമ്പുകളിലും റോഡരികിലും താത്കാലികമായി തയ്യാറാക്കിയ കടകളിൽ വിതരണം ചെയ്യുന്ന ശീതളപാനീയങ്ങളുടെയും ഭക്ഷണ പദാർത്ഥങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തുവാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിനും ആരോഗ്യ വകുപ്പിനും അധ്യക്ഷൻ നിർദ്ദേശം നൽകി.

ഉഷ്ണതരംഗസാധ്യത ഉൾപ്പടെ മുൻകൂട്ടികണ്ട് സൂര്യാഘാതം, സൂര്യാതപം തുടങ്ങിയ അപകടങ്ങളിൽനിന്ന് പൊതുജനങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ആരോഗ്യ വകുപ്പും മൃഗസംരക്ഷണ വകുപ്പും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണം.

## <u>യോഗതീരുമാനങ്ങൾ</u>

1. തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിലുള്ള MCF, RRF, ലെഗസി ഡംപ് സൈറ്റുകൾ, മറ്റ് മാലിന്യ സംഭരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക ടീം രൂപീകരിച്ച് ഫയർ ഓഡിറ്റ് അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും ഓഡിറ്റിൽ കണ്ടെത്തുന്നന്ന പോരായ്മകൾ പരിഹരിച്ചതിനുശേഷം 14-01-2026 തീയതിയിലെ സ.ഉ.(സാധാ) നം. 112/2026/LSGD ഉത്തരവിൽ അനുബന്ധമായി നൽകിയിരിക്കുന്ന ചെക്ക് ലിസ്റ്റ് അപ്ഡേറ്റ് ചെയ്ത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫെബ്രുവരി 25 നകം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(നടപടി: ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, & സെക്രട്ടറി, കൊല്ലം കോർപറേഷൻ)

2. വനമേഖലയിൽ കാട്ടുതീ വ്യാപനം തടയുന്നതിനായി ഫയർ ബ്രേക്കുകൾ തയ്യാറാക്കൽ, കണ്ട്രോൾ ബർണിങ് തുടങ്ങിയ പ്രവൃത്തികൾ ഇനിയും പൂർത്തിയാകാത്ത മേഖലകളിൽ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

(നടപടി: ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പുനലൂർ, തെന്മല, അച്ചൻകോവിൽ)

3. സ്റ്റേറ്റ് ഫാമിങ് കോർപറേഷൻ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, ഓയിൽ പാം ഇന്ത്യ

കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപറേഷൻ തുടങ്ങിയവയുടെ അധീനതയിലുള്ള തോട്ടങ്ങളിൽ തീപ്പിടുത്തം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(നടപടി : സ്റ്റേറ്റ് ഫാമിങ് കോർപറേഷൻ കേരള, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, ഓയിൽ പാം ഇന്ത്യ, കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപറേഷൻ)

4. വനമേഖലയിലും വലിയ തോട്ടങ്ങളിലും തീപ്പിടുത്തം ഉണ്ടായാൽ ഇത് ഇവയോട് ചേർന്ന് വരുന്ന ജനവാസമേഖലയിലേക്ക് വ്യാപിക്കുന്നത് തടയുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

(നടപടി: ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം)

5. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ, 09-02-2026 ലെ 340/2026/LSGD നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, & സെക്രട്ടറി, കൊല്ലം കോർപറേഷൻ)

6. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം സർക്കാർ ലാബുകളിലൊ എൻഎബിഎൽ അക്രെഡിറ്റഡ് ലാബുകളിലൊ പരിശോധിച്ച് ഉറപ്പ് വരുത്തുക.

(നടപടി: ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, & സെക്രട്ടറി, കൊല്ലം കോർപറേഷൻ)

7. അനധികൃതമായ കുഴൽക്കിണർ നിർമ്മാണം, അനിയന്ത്രിതമായ ജലചൂഷണം എന്നിവ തടയുന്നതിനുള്ള നടപടികൾ ഭൂജല വകുപ്പ് സ്വീകരിക്കേണ്ടതാണ്. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനായി മൊബൈൽ നമ്പർ പത്രമാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കേണ്ടതാണ്.

(നടപടി: ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്)

8. കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: ജില്ലാ പോലീസ് മേധാവി കൊല്ലം സിറ്റി/ കൊല്ലം റൂറൽ, ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്)

9. വെയിലത്ത് പുറംതൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ തൊഴിൽസമയ പുനഃക്രമീകരണം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ജില്ലയിൽ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് തൊഴിൽ വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ

അറിയിക്കുന്നതിനായി മൊബൈൽ നമ്പർ പത്രമാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കേണ്ടതാണ്.
(നടപടി: ജില്ലാ ലേബർ ഓഫീസർ)

10. ജനവാസമേഖലകളിൽ മനുഷ്യ - വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ വനം വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് സ്വീകരിക്കേണ്ടതാണ്.
(നടപടി: ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്; ഡി എഫ് ഒ പുനലൂർ, തെന്മല, അച്ചൻകോവിൽ).

11. ജില്ലയിൽ വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ ജനവാസമേഖലകളിൽ കാട്ടാന, കാട്ടുപോത്ത് ഉൾപ്പെടെയുള്ള വന്യജീവികളുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ വനം വകുപ്പ് R R T ടീം 24x7 സജ്ജമായി തുടരേണ്ടതും ഇവരെ ബന്ധപ്പെടുന്നതിനുള്ള നമ്പർ പത്രമാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കേണ്ടതുമാണ്.
(നടപടി: ഡി എഫ് ഒ പുനലൂർ, തെന്മല, അച്ചൻകോവിൽ).

12. ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കാട്ടുപന്നി ആക്രമണം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് ഇവയെ ഉന്മൂലനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അംഗീകൃത ഷൂട്ടർമാരെ ഉപയോഗിച്ച് ഇവയെ കൊന്നശേഷം വനം വകുപ്പിന്റെ അനുമതിയോടെ സംസ്കരിക്കേണ്ടതും, ഈ പ്രവൃത്തിക്ക് ബന്ധപ്പെട്ട സെക്രട്ടറിമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് മൃഗമൊന്നിന് രൂ.1500/- എന്ന കണക്കിൽ ഷൂട്ടർക്കുള്ള ഹോണറേറിയം ആയും മൃഗമൊന്നിന് രൂ.2000/- എന്ന കണക്കിൽ ഇവയെ സംസ്കരിക്കുന്നതിനുള്ള ചെലവിനത്തിലും ജില്ലാ ദുരന്തനിവാരണ അതോറിറ്റി അനുവദിക്കുന്നതാണ്. ഒരു തദ്ദേശ സ്ഥാപനത്തിന് ഒരു സാമ്പത്തിക വർഷം പരമാവധി ഒരു ലക്ഷം രൂപവരെ ഇത്തരത്തിൽ അനുവദിക്കുന്നതാണ്.
(നടപടി: ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്; ദുരന്തനിവാരണ വിഭാഗം, കളക്ടേറ്റ്)

13. ക്ഷുദ്രജീവികളെ ഉന്മൂലനം ചെയ്യുന്നതിനായി ആവശ്യത്തിന് ഷൂട്ടർമാരെ ലഭിക്കാത്ത സാഹചര്യത്തിൽ നിലവിലുള്ള അംഗീകൃത ഷൂട്ടർമാരുടെ പട്ടിക വിപുലീകരിക്കുന്നതിന് തീരുമാനിച്ചു. ഗൺ ലൈസൻസ് ഉള്ള വ്യക്തികളിൽ നിന്നും ഈ കൃത്യത്തിനായി താല്പര്യം ഉള്ള ഷൂട്ടർമാരുടെ പട്ടിക പോലീസ്, റവന്യൂ വകുപ്പുകൾ ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നൽകേണ്ടതാണ്.
(നടപടി: ജില്ലാ പോലീസ് മേധാവി കൊല്ലം സിറ്റി/ കൊല്ലം റൂറൽ; കളക്ടേറ്റ് ദുരന്തനിവാരണ വിഭാഗം; തഹസിൽദാർ, കരുനാഗപ്പള്ളി, കൊല്ലം, കൊട്ടാരക്കര, കുന്നത്തൂർ, പത്തനാപുരം, പുനലൂർ)

14. വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ വൃത്തിയാക്കിയും ചെക്ക് ഡാമുകൾ സ്ഥാപിച്ചും ജലലഭ്യത

ഉറപ്പാക്കി മൃഗങ്ങൾ ജനവാസമേഖലയിൽ ഇറങ്ങുന്നത് തടയുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(നടപടി: ഡി എഫ് ഒ പുനലൂർ, തെന്മല, അച്ചൻകോവിൽ).

15. കല്ലട ജലസേചന പദ്ധതിയുടെ ഇടതുകര കനാൽ വഴിയുള്ള ജലസേചനം, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് പുനരാരംഭിക്കുകയും ജില്ലയുടെ എല്ലാ പ്രദേശങ്ങളിലേക്കും ജലം എത്തുന്ന രീതിയിൽ നീരൊഴുക്ക് സുഗമമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: എക്സിക്യൂട്ടീവ് എഞ്ചിനീയർ കല്ലട ജലസേചന പദ്ധതി, കൊല്ലം, കൊട്ടാരക്കര)

16. ഉത്സവ എഴുന്നള്ളത്തിന് കൊണ്ടുവരുന്ന എല്ലാ ആനകൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തുക.

(നടപടി: എ സി എഫ്, സോഷ്യൽ ഫോറസ്ട്രി)

17. ആനകളെ എഴുന്നള്ളിക്കുന്ന സ്ഥലങ്ങളിൽ ആൾക്കൂട്ട നിയന്ത്രണ സംവിധാനങ്ങൾ സംഘാടകർ പോലീസിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ഏർപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

(നടപടി: ജില്ലാ പോലീസ് മേധാവി കൊല്ലം സിറ്റി/ കൊല്ലം റൂറൽ)

18. വെടിമരുന്ന് പ്രയോഗം നടക്കുന്ന ആഘോഷങ്ങളിൽ നിയമാനുസൃതമായ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടെന്ന് പോലീസ് പരിശോധിച്ച് ഉറപ്പുവരുത്തുക.

(നടപടി: ജില്ലാ പോലീസ് മേധാവി കൊല്ലം സിറ്റി/ കൊല്ലം റൂറൽ)

19. ഉത്സവ പറമ്പുകളിലും റോഡരികിലും താത്കാലികമായി തയ്യാറാക്കിയ കടകളിൽ വിതരണം ചെയ്യുന്ന ശീതളപാനീയങ്ങളുടെയും ഭക്ഷണ പദാർത്ഥങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തേണ്ടതാണ്

(നടപടി: അസിസ്റ്റന്റ് കമ്മിഷണർ ഭക്ഷ്യ സുരക്ഷാ വകുപ്പ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) )

20. ചൂട് കൂടിവരുന്ന സാഹചര്യത്തിൽ സൂര്യാഘാതം, സൂര്യാതപം എന്നിവ ഏറ്റുള്ള മരണം, ഗുരുതര പരിക്ക് തുടങ്ങിയ സംഭവങ്ങൾ ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(നടപടി: ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം; സൂപ്രണ്ട്, പാരിപ്പള്ളി മെഡിക്കൽ കോളേജ്)

21. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാ ഹാളിൽ കുടിവെള്ളവും വായുസഞ്ചാരവും വിദ്യാലയങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

(നടപടി: വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം)

22. കുട്ടികൾക്ക് കൂടുതൽ സമയം നേരിട്ട് വെയിലേൽക്കുന്നതിന് കാരണമാകുന്ന സ്കൂൾ അസംബ്ലികൾ, പകൽ പതിനൊന്നിനും മൂന്നിനും ഇടയിലുള്ള ഔട്ട്ഡോർ ഗെയിമുകൾ എന്നിവ ഒഴിവാക്കേണ്ടതാണ്.

(നടപടി: വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം)

23. സ്ഥിരം മുങ്ങിമരണ അപകടങ്ങൾ നടക്കുന്ന കടവുകൾ, ബീച്ചുകൾ, കെ ഐ പി കനാലുകൾ എന്നിവിടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കുക.

(നടപടി: ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്)

24. ജില്ലയിൽ നിലവിൽ ലൈഫ് ഗാർഡുമാരുടെ സേവനം ഇല്ലാത്തതും സഞ്ചാരികൾ ധാരാളം എത്തുന്നതുമായ താന്നി, പൊഴിക്കര തുടങ്ങിയ ബീച്ചുകളിൽ കൂടി ലൈഫ് ഗാർഡുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

(നടപടി: ഡെപ്യൂട്ടി ഡയറക്ടർ, ടൂറിസം വകുപ്പ്, സെക്രട്ടറി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ)

25. ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാര യാനങ്ങളുടെയും യാത്രാ ബോട്ടുകളുടെയും സുരക്ഷ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അഗ്നിസുരക്ഷാ സംവിധാനങ്ങൾ എല്ലാ യാനങ്ങളിലും ഉറപ്പുവരുത്തേണ്ടതാണ്

(നടപടി: പോർട്ട് ഓഫീസർ, കൊല്ലം; കനാൽ ഓഫീസർ, കൊല്ലം)

12. 45 PM ന് യോഗം അവസാനിച്ചു.

Digitally signed by
Devidas N
Date: 20-02-2026
17:47:00

ജില്ലാ കളക്ടർ

കൊല്ലം